# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 21, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 338)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 1008 മുതൽ 1155 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 1156 മുതൽ 1217 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 1218 മുതൽ 1263 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 1264 മുതൽ 1345 വരെ |

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനം

1008 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. റ്റി. എ. റഹീം
,, ആർ. രാജേഷ്
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും കേന്ദ്രം തന്നാണ്ടിൽ അനുവദിച്ച തുക എത്ര; ചെലവഴിക്കപ്പെട്ട തുക എത്ര;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിൽ നിന്നുള്ള സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയാതെ പോയ പദ്ധതികൾ ഏതെല്ലാമാണ്;

(സി) എസ്.എസ്.എ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ല എന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടോ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിലയിരുത്തൽ എന്താണ്;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

(ഡി) എസ്.എസ്.എ. ക്ക് നടപ്പു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി</u>

1009 ശ്രീ. എം. ഉമ്മർ
'' എൻ. ഷംസുദ്ദീൻ
'' കെ. മുഹമ്മദുണ്ണി ഹാജി
'' പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, പദ്ധതിയുടെ വിശദാംശം തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഏതൊക്കെ വിഭാഗം വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പദ്ധതി സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുവാ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

## സ്കൂളുകളിൽ മലയാള പഠനം

1010 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മലയാള പഠനം നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവ് എല്ലാ സ്കൂളുകളിലും നടപ്പാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് ഇനിയും നടപ്പിലാക്കാത്ത സ്കൂളുകൾ ഉണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ മലയാള പഠനം നിർബന്ധമാക്കാൻ നടപടിയെടുക്കുമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളുടെ കാര്യത്തിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധമോ/ഓപ്ഷണലോ ആക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അടുത്ത അദ്ധ്യയന വര്‍ഷത്തെ പാഠപുസ്തകങ്ങള്‍</u>

1011 ശ്രീ. വി. ഡി. സതീശന്‍
,, എം. പി. വിന്‍സെന്റ്
,, എ. റ്റി. ജോര്‍ജ്
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടുത്ത അദ്ധ്യയന വര്‍ഷത്തെ പാഠപുസ്തകങ്ങള്‍ മുഴുവനും അവധികാലത്തു തന്നെ കുട്ടികള്‍ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അടുത്ത അദ്ധ്യയന വര്‍ഷത്തെ പാഠപുസ്തകങ്ങളില്‍ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എത്ര കോടി പുസ്തകങ്ങളാണ് അടുത്ത അദ്ധ്യയന വര്‍ഷത്തേക്ക് വിതരണം ചെയ്യുന്നത്; വിശദമാക്കുമോ;

(ഡി) മാറ്റമില്ലാത്ത പുസ്തകങ്ങളുടെ റീപ്രിന്റിംഗ് ജോലി അടിയന്തരമായി പൂര്‍ത്തീകരിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

സുരക്ഷ അറ്റ് സ്കൂൾ പദ്ധതി

1012 ശ്രീ. കെ. അച്ചുതൻ
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുരക്ഷ അറ്റ് സ്കൂൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) സ്കൂൾ ബസ്സുകളുടെ നിയന്ത്രണം, കുട്ടികളുടെ യാത്രാ നിരീക്ഷണം, അത്യാഹിത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അടിയന്തര സന്ദേശം നൽകുന്നതിനുള്ള സംവിധാനം എന്നിവ ഉൾപ്പെടെ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം സർക്കാർ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) അപകടത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്റ്റാർട്ട് - അപ് പദ്ധതി</u>

1013 ശ്രീ. ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് - അപ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യുവസംരംഭകർക്ക് അടിസ്ഥാന സൗകര്യം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) വിദ്യാർത്ഥി സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അക്ഷരലക്ഷം പദ്ധതി</u>

1014 ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അക്ഷരലക്ഷം പദ്ധതി'എന്നാണ് നിലവിൽ വന്നത്; എത്ര ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ നല്കുമോ;

(ബി) ഈ പദ്ധതി നിലവിൽ വന്നതോടുകൂടി തുടർ വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്രപേർ പരീക്ഷ എഴുതി; വിജയഫലം എപ്രകാരമായിരുന്നു; വിശദാംശങ്ങൾ നല്കുമോ;

(ഡി) ഈ പദ്ധതിയുടെ ചുവടുപിടിച്ച് 2013-14 അധ്യയന വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ദേശീയവിദ്യാഭ്യാസനയം</u>

1015 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയവിദ്യാഭ്യാസനയം നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ദേശീയവിദ്യാഭ്യാസനയം നടപ്പാക്കുമ്പോൾ ആവശ്യത്തിനു സ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ സ്കൂളുകൾ അനുവദിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1016 ശ്രീ. പി. എ. മാധവൻ
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ആരെല്ലാമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഇതുകൊണ്ട് എന്ത് നേട്ടങ്ങളാണ് ലഭിക്കുന്നത്? വിശദമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

1017 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം അനുസരിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏത് സ്കൂളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇവിടെ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും എപ്പോൾ തുടങ്ങുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആദായകരമല്ലാത്ത വിദ്യാലയങ്ങൾ</u>

1018

ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലാത്ത വിദ്യാലയങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരമുളള വിദ്യാലയങ്ങളുടെ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച നയം എന്താണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളിലെ പുകയില ഉപഭോഗം</u>

1019 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പുകയില ഉപഭോഗം കർശനമായി തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂളുകളിൽ ഏതെല്ലാം രീതിയിലുള്ള പുകയില വിരുദ്ധ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>സ്കൂൾ കലോത്സവ മാന്വവൽ പരിഷ്കരണം</u>

1020

ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ മാന്വവൽ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കലാപരമായി കഴിവുള്ളവർക്കും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായവർക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഷ്കരണത്തിൽ ഉൾപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

ഒ. വി. വിജയന്റെ അർദ്ധകായ പ്രതിമ വികലമാക്കപ്പെട്ട സംഭവം

1021

ശ്രീ. എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടക്കലിലെ രാജാസ് ഹൈസ്കൂൾ മുറ്റത്ത് ഒ. വി. വിജയന്റെ അർദ്ധകായ പ്രതിമയോടുകൂടിയ സ്മൃതിവനത്തിന്റെ ഉദ്ഘാടനം നടക്കാതെപോയതും ശില്പം വികൃതമാക്കപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ;

(സി) പ്രതിമ നീക്കംചെയ്യാൻ വകുപ്പ് മന്ത്രിയുടെ ആഫീസ് നേരിട്ടിടപെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളുടെ കലാസാഹിത്യവേദിയും പി.ടി.എ.യും ചേർന്ന് ഒരുക്കിയ സ്മൃതിവനം തകർക്കപ്പെട്ടതിനു പിന്നിൽ വർഗ്ഗീയ താല്പര്യങ്ങൾ പ്രവർത്തിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സംഭവം സംബന്ധിച്ച് അന്വേഷിക്കാനും സ്മൃതിവനം വിഭാവനം ചെയ്യപ്പെട്ട നിലയിൽ തന്നെ പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ഇ-സാക്ഷരതാ പദ്ധതി</u>

1022 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കംക്കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കേരളത്തെ സമ്പൂർണ്ണ ഇ-സാക്ഷരതാ സംസ്ഥാനമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>പച്ചക്കോട്ട് ധരിക്കാത്തതിനാൽ സസ്പെൻഡ് ചെയ്ത സംഭവം</u>

1023 ശ്രീ. ബാബു എം. പാലിശ്ശേരി
,, റ്റി. വി. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കോട്ട് ധരിക്കാത്തതിന്റെ പേരിൽ അരീക്കോട് സുല്ലുമ്മസലാം ഓറിയന്റൽ ഹൈസ്കൂൾ അധ്യാപികയെ സ്കൂൾ മാനേജ്മെന്റ് സസ്പെന്റ് ചെയ്ത നടപടിയിൽ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

(ബി) സ്കൂൾ അധ്യാപകർക്ക് ഡ്രസ് കോഡ് നിലവിലുണ്ടോ ; ഈ വിഷയത്തിൽ അധ്യാപിക നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(സി) സസ്പെൻഷൻ ചോദ്യം ചെയ്ത് അധ്യാപിക നൽകിയ ഹർജിയിൽ ഹൈക്കോടതി ഉത്തരവ് വന്നിട്ടുണ്ടോ ; എങ്കിൽ, വിശദാംശം നൽകാമോ ;

(ഡി) ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിനെതിരെ ഹൈക്കോടതി പരാമർശം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) പച്ചക്കോട്ട് ധരിക്കാത്തതുമായി ബന്ധപ്പെട്ട് അധ്യാപികക്കെതിരെ എന്തെങ്കിലും കുറ്റം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ പദ്ധതി

1024 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്കൂളുകളെയാണ് ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തത്; ഇത് സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂളുകൾ ആരംഭിക്കുന്നതിന് എന്ത് തുടർ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) അമ്പലപ്പുഴ മണ്ഡലത്തിലെ നാലുചിറ യു.പി. സ്കൂൾ, പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തു ഉത്തരവായിട്ടുണ്ടോ; എങ്കിൽ അടുത്ത വിദ്യാഭ്യാസ വർഷം തന്നെ ഹൈസ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആസ്പെയർ സ്കോളർഷിപ്പ് പദ്ധതി</u>

1025

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്പെയർ സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെന്നു വ്യക്തമാക്കുമോ;

(ബി) 2012-2013 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചുവെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നൽകിയെന്നു വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏതെല്ലാം വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്നും ഓരോരുത്തർക്കും എത്ര തുകയുടെ സ്കോളർഷിപ്പ് നൽകിയെന്നും വ്യക്തമാക്കുമോ;

(ഇ) 2012-2013 സാമ്പത്തികവർഷം ആസ്പെയർ സ്കോളർഷിപ്പ് പദ്ധതിപ്രകാരം എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളുടെ ആധുനികവത്ക്കരണം</u>

1026 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ സ്കൂളുകളെയും അന്തർദ്ദേശീയനിലവാരത്തിൽ ആധുനികവത്ക്കരിക്കുന്നതിനായി 2012-13-ൽ വകയിരുത്തിയ 200 കോടി രൂപയിൽ നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും, ചെലവാക്കപ്പെട്ട തുക ഏതൊക്കെ പരിപാടികൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഈ പരിപാടി നടപ്പാക്കാൻ വേണ്ടി തിരുവനന്തപുരം ജില്ലയ്ക്കു നീക്കിവെച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ഈ പരിപാടി നടപ്പാക്കിയ തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ പേരുവിവരം ലഭ്യമാക്കാമോ; ജില്ലയിൽ ഈ പരിപാടി നടപ്പാക്കാത്ത സ്കൂളുകൾ ഏതെല്ലാമെന്നു വെളിപ്പെടുത്തുമോ; ഈ സ്കൂളുകളെക്കൂടി ഈ പരിപാടിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളെ ആധുനിക വൽകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ</u>

1027 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിൽ ആധുനികവൽക്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ;

(സി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എസ്.എസ്.എ വഴി കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷം അനുവദിച്ച തുക എത്രമാത്രം ഉപയോഗപ്പെടുത്താൻ കഴിഞ്ഞു എന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തൽ</u>

1028 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികൾ ഓരോന്നിനും 2012-2013 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക എത്രയായിരുന്നു ;

(സി) ഈ പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) പദ്ധതികളിൽ ഓരോന്നിനും നടപ്പു സാമ്പത്തിക വർഷം ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ ;

(ഇ) 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; കാരണം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ</u>

1029 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ളി മണ്ഡലങ്ങളിൽ ആണ് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത് ; പ്രസ്തുത ഏജൻസി ഏതെല്ലാം രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിനെ സഹായിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നാളിതുവരെ നടത്തിയതെന്ന് വിശദീകരിക്കാമോ ;

(ഡി) വരും വർഷങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയതിലൂടെ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു എന്ന് ഉദാഹരണസഹിതം വിശദീകരിക്കാമോ ?

## കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

സമഗ്ര വിദ്യാഭ്യാസ പദ്ധതി

1030 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മങ്കട മണ്ഡലത്തിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1031 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

"സമഗ്രവിദ്യാഭ്യാസ പദ്ധതി" യിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>നെന്മാറ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1032 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം എത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) അടുത്ത അദ്ധ്യായന വർഷം മുതൽ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച നയം

1033 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ) ആരംഭിക്കുന്നത് സംബന്ധിച്ച നയമെന്താണ്;

(ബി) ഏതെല്ലാം മേഖലകളിലാണ് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമെന്ന് കരുതുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുമതി നൽകിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഏതെല്ലാം സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏതെല്ലാം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കും പുതിയ പദ്ധതികൾക്കും അപേക്ഷ നൽകിയിട്ടുണ്ട്; അതിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും പദ്ധതികൾക്കും അനുമതി ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം
സ്കൂളുകളുടെ അപ്ഗ്രഡേഷൻ

1034

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എത്ര സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകൾ ഈ പദ്ധതിയിൽപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) അപ്ഗ്രേഡ് ചെയ്യുന്ന സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങൾ പദ്ധതി പ്രകാരം ലഭ്യമാക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>'കായികവിദ്യാഭ്യാസം'</u>

1035 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ?

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

തീരദേശ മേഖലയിൽ ജവഹർ നവോദയ വിദ്യാലയങ്ങൾ

1036 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിൽ ജവഹർ നവോദയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ സാധ്യതാ പഠനം നടത്തിയിരുന്നുവോ;

(സി) തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന അമ്പലപ്പുഴ മണ്ഡലത്തിൽ ജവഹർ നവോദയ വിദ്യാലയം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>വര്‍ഷാന്ത്യപരീക്ഷാ നടത്തിപ്പിലെ അപാകത</u>

1037 ശ്രീ. വി. ശിവന്‍കുട്ടി
,, കെ. രാധാകൃഷ്ണന്‍
,, റ്റി. വി. രാജേഷ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ വര്‍ഷാന്ത്യപരീക്ഷാ നടത്തിപ്പില്‍ അപാകതകളുളളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ

(ബി) +2, എസ്.എസ്.എല്‍.സി പൊതു പരീക്ഷകള്‍ക്കൊപ്പം വര്‍ഷാന്ത്യപരീക്ഷ കൂടി നടത്താന്‍ തീരുമാനിച്ചതു മൂലം ഡ്യൂട്ടിക്കാവശ്യത്തിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(സി) ഇതുകാരണം മാനദണ്ഡങ്ങള്‍ക്ക് വിരുദ്ധമായി ഡ്യൂട്ടിക്കായി അദ്ധ്യാപകരെ നിയോഗിക്കേണ്ട സ്ഥിതി വന്നിരുന്നോ;

(ഡി) ഇത്തരം പ്രവര്‍ത്തനങ്ങള്‍ പരീക്ഷകളുടെ വിശ്വാസ്യതയെ ഇല്ലാതാക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഐ.ടി. അറ്റ് സ്കൂൾ പദ്ധതി</u>

1038 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി. അറ്റ് സ്കൂൾ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലാണോ പ്രവർത്തിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിനായി യു.ഐ.ഡി. ഏർപ്പെടുത്തുന്നതിന് ഐ.ടി. അറ്റ് സ്കൂളിന്റെ നേതൃത്വത്തിൽ തുടങ്ങിയ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസവകുപ്പുമായി എന്തൊക്കെ ആശയക്കുഴപ്പങ്ങളാണ് നിലവിലുള്ളതെന്നു വിശദീകരിക്കുമോ;

(സി) പൊതുവിദ്യാഭ്യാസവകുപ്പിൽ നിന്നും ഐ.ടി. അറ്റ് സ്കൂളിനെ മാറ്റണമെന്ന ഡി.പി.ഐ.യുടെ രേഖാമൂലമുള്ള ആവശ്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഐറ്റി. അറ്റ് സ്കൂളിന്റെ പ്രവര്‍ത്തനം</u>

1039 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവര്‍ത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; സ്ഥാപന മേധാവിയായ ഡി.പി.ഐ യെ മറികടന്നാണ് തീരുമാനങ്ങള്‍ വരുന്നത് എന്നതിന്റെ പേരില്‍ അദ്ദേഹം സ്ഥാനം ഒഴിയുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച് കത്ത് നല്‍കിയിട്ടുണ്ടോ;

(ബി) പരിചയസമ്പന്നരായ ട്രെയിനര്‍മാരെ പിരിച്ചു വിട്ടതാണോ ഇതിന് പ്രധാന കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുകാരണം വിദ്യാലയങ്ങളിലെ ഐ.ടി. പരീക്ഷകള്‍ ആകെ താളം തെറ്റിയ കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഐ.ടി. അറ്റ് സ്കൂളില്‍ പുതിയ നിയമനത്തിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഇത് ചട്ട പ്രകാരമല്ല എന്ന പരാതി നിലനില്‍ക്കുന്നുണ്ടോ; ഇക്കാര്യം പരിശോധിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

## ഐ. ടി. അറ്റ് സ്കൂളിൽ ചട്ടങ്ങൾ മറി കടന്ന് നിയമനത്തിന് വിജ്ഞാപനം ചെയ്ത നടപടി

1040 ശ്രീ. എം. ഹംസ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഐ.ടി അറ്റ് സ്കൂളിൽ മാസ്റ്റർ ട്രെയിനർമാരെ നിയമിക്കുന്നതിന് ചട്ടങ്ങൾ മറി കടന്ന് വിജ്ഞാപനം ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ ചട്ടമനുസരിച്ച് ഐ.ടി അറ്റ് സ്കൂളിൽ നിയമനാധികാരം ആർക്കാണ് നൽകിയിട്ടുള്ളത്; വിജ്ഞാപനം പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ ആരാണ്; ഈ ഉദ്യോഗസ്ഥന് ചട്ടമനുസരിച്ച് ഇതിന് അധികാരമുണ്ടോ;

(സി) ഇതേ തുടർന്ന് ഐ. ടി. അറ്റ് സ്കൂൾ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ വകുപ്പ് സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ടോ;

(ഡി) യോഗ്യതയില്ലാത്തവരെ ഈ സ്ഥാപനത്തിൽ നിയമിക്കുന്നതിനാണ് ചട്ടം മറികടന്ന് നിയമനത്തിന് വിജ്ഞാപനം ചെയ്തിട്ടുള്ളത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ചട്ടവിരുദ്ധമായ നോട്ടിഫിക്കേഷൻ റദ്ദാക്കാൻ തയ്യാറാകുമോ;

(എഫ്) ഐ. ടി. അറ്റ് സ്കൂളിൽ നിന്നും 34 പേരെ പിരിച്ചുവിട്ടത് ഡി. പി.ഐ യുടെ ഉത്തരവനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഡി. പി.ഐ വിശദീകരണം തേടിയിട്ടുണ്ടോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ തലത്തിൽ വിവര സാങ്കേതിക വിദ്യ നടപ്പാക്കൽ</u>

1041 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ വിവരസാങ്കേതിക വിദ്യ നടപ്പാക്കുന്നതിനുള്ള പദ്ധതി പ്രകാരം 2011-12, 2012-13 വർഷങ്ങളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം മേൽസൂചിപ്പിച്ച വർഷങ്ങളിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ലിനക്സ് സോഫ്റ്റ് വെയര്‍ ഒഴിവാക്കല്‍

1042 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ലിനക്സ് സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ വിദ്യാഭ്യാസമേഖലയില്‍ നിന്നും ഒഴിവാക്കുവാന്‍ ശ്രമം നടക്കുന്നതായ വാര്‍ത്ത ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ലിനക്സ് സോഫ്റ്റ്‌വെയര്‍ ഒഴിവാക്കി ഉടമസ്ഥാവകാശ സോഫ്റ്റ് വെയര്‍ ഉപയോഗിക്കുന്നതിന് എന്തെങ്കിലും നീക്കം നടക്കുന്നതായി അറിയുമോ;

(സി) ഖജനാവിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന ഈ നടപടി നിറുത്തലാക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഐ.ടി അറ്റ് സ്കൂൾ പരിശീലകരെ പിരിച്ചുവിട്ട നടപടി

1043 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂളിലെ പരിശീലകരെ അനിശ്ചിത കാല സമരത്തിൽ പങ്കെടുത്തു എന്ന കാരണത്താൽ കൂട്ടത്തോടെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പരിശീലകരെയാണ് പിരിച്ചുവിട്ടത്;

(ബി) ഐ.ടി.അറ്റ് സ്കൂൾ പരിശീലകരെ പിരിച്ചുവിട്ടത് എസ്.എസ്.എൽ.സി പരീക്ഷകളും മറ്റും യഥാസമയം നടക്കുന്നതിന് തടസ്സമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ.ടി. അറ്റ് സ്കൂൾ പരിശീലകരെ പിരിച്ചുവിടുന്നതിന് ഡി.പി.ഐ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) ഐ.ടി. അറ്റ് സ്കൂൾ പരിശീലകരെ കൂട്ടത്തോടെ പിരിച്ചുവിടുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം

1044 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഇത്തരം അവസ്ഥകളെ അഭിമുഖീകരിക്കുന്നവർക്ക് ശാസ്ത്രീയമായ പരിശീലനം ആവശ്യമാണെന്ന് കരുതുന്നുവോ; എങ്കിൽ ആയതിനുള്ള സംവിധാനമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം സംബന്ധിച്ച നയം വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (സി. ഡബ്ല്യു. എസ്. എൻ)</u>

1045

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (സി.ഡബ്ല്യൂ. എസ്.എൻ) ക്കായി ബി. ആർ. സി, സി.ആർ.സി തല പ്രവർത്തനങ്ങൾക്കായുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) സി.ഡബ്ല്യൂ. എസ്. എൻ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഇവർക്കായി റാംപ് ആന്റ് റെയിൽ, അഡാപ്റ്റഡ് ടോയിലറ്റ് സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സി. ഡബ്ല്യൂ.എസ്. എൻ കുട്ടികളുടെ ചികിത്സയ്ക്കായുള്ള പ്രത്യേക ഉപകരണങ്ങൾ സർക്കാർ തലത്തിൽ സൗജന്യമായി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതികൾ

1046 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പരിഗണന അർഹിക്കുന്നതും ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നതുമായ കുട്ടികൾക്ക് സാമൂഹിക അംഗീകാരം ലഭ്യമാക്കുന്നതിനും അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും ആത്മവിശ്വാസത്തോടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) സർക്കാരിന്റെ നിയന്ത്രണത്തിൽ വിദ്യാഭ്യാസ വകുപ്പ് അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസികൾ വഴി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ടോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പഠന വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ആനുകൂല്യങ്ങൾ</u>

1047 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഠന വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന റിസോഴ്സ് അധ്യാപകരെ നിയമിക്കുവാൻ 2012-13 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ എന്തു തുക ലഭ്യമാക്കി; ആയതിൽ എത്ര തുക ചെലവഴിച്ചു; ആഴ്ചകൾ മാത്രം അവശേഷിക്കവെ എത്ര തുക ഇനിയും ചെലവഴിക്കാനുണ്ട്; വ്യക്തമാക്കുമോ;

(ബി) കേന്ദ്രം പണം നൽകിയിട്ടും വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ശമ്പള സ്കയിൽ നാളിതുവരെ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ:

(സി) വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന എത്ര അധ്യാപകരാണ് നിലവിൽ സംസ്ഥാനത്തുള്ളത്; ഇവർ എത്ര വർഷമായി ജോലി നോക്കി വരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരം അധ്യാപകർക്ക് ഡിയർനസ് അലവൻസോ, പ്രോവിഡന്റ് ഫണ്ടോ മറ്റു ആനുകൂല്യങ്ങളോ ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ബിഎഡിന് പുറമെ രണ്ട് വർഷത്തെ സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമയും പാസ്സായ ഇത്തരം അധ്യാപകർക്ക് ആന്ധ്ര, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിലെ അധ്യാപകർക്ക് ഉള്ളതുപോലെ ശമ്പള സ്കെയിലും, ആനുകൂല്യങ്ങളും നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പഠനവൈകല്യമുള്ള കുട്ടികളെ ചൂഷണം ചെയ്യുന്നതിനെതിരെ നടപടി</u>

1048 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്. എസ്. എൽ. സി പരീക്ഷ എഴുതുന്നതിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് ഇപ്പോൾ നല്കിവരുന്നത്; വിശദമാക്കുമോ;

(ബി) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് എപ്രകാരമുള്ള കേട്ടെഴുത്തുകാരെയാണ് നിയോഗിക്കുന്നത്;

(സി) ഇപ്രകാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു മുൻപ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ഡി) 2012 മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയവരിൽ പഠന വൈകല്യമുള്ള എത്ര വിദ്യാർത്ഥികൾ (ഗൾഫ് മേഖല ഉൾപ്പെടെ) ഉണ്ടായിരുന്നു; 2013 മാർച്ചിൽ പഠന വൈകല്യമുള്ള എത്ര വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി. പരീക്ഷ എഴുതുന്നു; വിശദമാക്കുമോ;

(ഇ) 'ബുദ്ധിമാന്ദ്യ'മുള്ളവരെ ചൂഷണം ചെയ്ത് മറ്റുള്ളവർ കൃത്രിമ മാർഗ്ഗത്തിലൂടെ എസ്. എസ്. എൽ. സി പരീക്ഷ എഴുതുകയും ബുദ്ധിമാന്ദ്യമുള്ളവർക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ ഈ അടുത്ത കാലത്തായി സംസ്ഥാനത്ത് നിലനില്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എഫ്) വിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റിൽ 2013 മാർച്ച് മാസം പരീക്ഷ എഴുതുന്ന ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ല തിരിച്ച് പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഓട്ടിസം ബാധിച്ച കുട്ടികൾക്കുവേണ്ടി അദ്ധ്യാപക നിയമനം

1049 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടിസം ബാധിച്ച കുട്ടികൾക്കായി പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; ഓപ്പൺ സ്കൂളിൽ എട്ടാം ക്ലാസ് വരെ പരിശീലനം ലഭിച്ച എത്ര അദ്ധ്യാപകർ ഉണ്ട് ;

(ബി) ഒമ്പതാം ക്ലാസ് മുതൽ മാത്രമാണ് ഇത്തരം അദ്ധ്യാപകരുടെ സേവനം ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചെറിയ ക്ലാസുകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകർ ഇല്ലാത്തതിനാൽ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ഓപ്പൺ സ്കൂളുകൾ ഉപേക്ഷിച്ച് സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടോ ;

(ഡി) പരിശീലനം ലഭിച്ച അദ്ധ്യാപകരെ ചെറിയ ക്ലാസുകളിൽ നിയമിക്കാതെ ഒമ്പതാം ക്ലാസ് മുതൽ മാത്രം നിയമിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ഇ) ഓട്ടിസം ബാധിച്ച കുട്ടികളെ ചെറിയ ക്ലാസ് മുതൽ പരിശീലിപ്പിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഓട്ടിസം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസം

1050 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അധ്യാപകരെ നിയമിക്കാത്തത് കാരണം ഇവരുടെ വിദ്യാഭ്യാസം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓട്ടിസമുള്ള കുട്ടികളെ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്ന കേന്ദ്ര വിദ്യാഭ്യാസ നിയമ പ്രകാരം പൊതു വിദ്യാലയങ്ങളിൽതന്നെ പഠിപ്പിക്കണമെന്നും 5 കുട്ടികൾക്ക് ഒരു സ്പെഷ്യൽ ടീച്ചറെ നിയമിക്കണമെന്നുമുള്ള ശുപാർശ നടപ്പാവാതെ പോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ആർ.എം.എസ്.എ പദ്ധതിയുടെ ലക്ഷ്യങ്ങൾ

1051 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കാൻ എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് തുക അനുവദിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ പദ്ധതിയിൽ ആരംഭിച്ച ഹൈസ്കൂൾ</u>

1052 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിയിൽ ആരംഭിച്ച ഹൈസ്കൂളുകളിൽ എസ്.എസ്.എൽ.സി പരീക്ഷാ സെന്റർ അനുവദിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം മുതൽ പരീക്ഷാ സെന്റർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ആർ.എം.എസ്.എ. പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

1053

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് ഹൈസ്ക്കൂൾ ആക്കി ഉത്തരവായത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഈ സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ 8-ാം ക്ലാസ്സ് ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ അടക്കം എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരെ നിയമിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ദേശീയ പാഠ്യപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എൽ.പി. സ്കൂളുകളിൽ 5-ാം ക്ലാസ്സും യു.പി. സ്കൂളുകളിൽ 8-ാം ക്ലാസ്സും അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി അദ്ധ്യാപകരെ നിയമിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ പദ്ധതി</u>

1054 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതി എത്ര സ്കൂളുകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്നും അവ എന്നാണ് ആരംഭിച്ചതെന്നും അറിയിക്കാമോ;

(ബി) ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിരുന്നുവോ എന്നും എത്രയെണ്ണത്തിന് കെട്ടിടം നിർമ്മിച്ചുവെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വ്യക്തമാക്കാമോ;

(ഡി) ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനും ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരെ നിയമിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനും ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരെ നിയമിക്കാനും സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നടപടി</u>

1055 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത എത്ര ആർ.എം.എസ്.എ. വിദ്യാലയങ്ങളുണ്ട്;

(ബി) ആർ.എം.എസ്.എ. സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകതസ്തിക സൃഷ്ടിക്കാൻ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട് വിനിയോഗം</u>

1056 ശ്രീ. എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസവകുപ്പിൽ എസ്.എസ്.എ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് എസ്.എസ്.എ വഴി കേന്ദ്രം ഫണ്ട് അനുവദിക്കുന്നത്;

(സി) നടപ്പു സാമ്പത്തിക വർഷം എസ്.എസ്.എ പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് ഫലപ്രദമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) എസ്.എസ്.എ ഫണ്ട് വിനിയോഗിക്കുന്നതിൽ ക്രമക്കേട് നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ എസ്.എസ്.എ. പദ്ധതി</u>

1057 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ എസ്.എസ്.എ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി എന്നുമുതൽ നടപ്പാക്കാനാകുമെന്നാണു പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർവ്വശിക്ഷാ അഭിയാൻ പദ്ധതി</u>

1058

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം കേന്ദ്രസർക്കാർ ഈ അധ്യയന വർഷം എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര കോടി രൂപ ചെലവഴിക്കപ്പെട്ടു എന്നു വിശദമാക്കുമോ ;

(ബി) അധ്യാപന പരിശീലനം മുടങ്ങുന്നത് എസ്. എസ്. എ. ഫണ്ട് വിനിയോഗിക്കപ്പെടാതിരിക്കാൻ കാരണമാകുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; സി. എസ്. എസ്. എ. യുടെ ഗുരുതരക്രമക്കേടുകളെത്തുടർന്ന് എത്ര ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബി. പി. ഒ.) മാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ

1059

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എസ്.എസ്.എ. വഴി നടപ്പാക്കുന്ന പദ്ധതിയിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ ഏജൻസിയെ തെരഞ്ഞെടുത്തത് എങ്ങിനെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപകരണങ്ങൾ വാങ്ങുന്നതിനായി എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഇ) ഉപകരണങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എസ്.എസ്.എ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1060 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എസ്.എസ്.എ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) 2012-2013 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതികൾക്കായി ഓരോ ഇനത്തിലും കേന്ദ്ര സർക്കാർ വകയിരുത്തിയ ഫണ്ട് എത്രയാണ്;

(സി) ഓരോ ഇനത്തിലും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ ലാപ്സായ തുക എത്രയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ ഫണ്ട് വിനിയോഗ നിജസ്ഥിതി</u>

1061 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി 2012-13 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച 453 കോടി രൂപയിൽ നിന്നും സംസ്ഥാന സർക്കാർ ഇതുവരെ എത്ര തുക ചെലവഴിച്ചു; ഇനി ആഴ്ചകൾ മാത്രം അവശേഷിക്കവേ എത്ര തുക ചെലവഴിക്കാനുണ്ട്; വിശദമാക്കുമോ;

(ബി) സൗജന്യ പാഠപുസ്തക വിതരണം,ഗവേഷണം, അദ്ധ്യാപക പരിശീലനം, സ്കൂൾ ഗ്രാന്റ് തുടങ്ങി പതിനൊന്നിന പദ്ധതികൾക്കായി സർവ്വ ശിക്ഷാ അഭിയാൻ(എസ്.എസ്.എ) വഴി കേന്ദ്രം അനുവദിച്ച കോടിക്കണക്കിന് രൂപ ചെലവഴിക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുക;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി, പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി തുടങ്ങിയവയ്ക്കായി എന്ത് തുക ലഭിച്ചു; എത്ര തുക ചെലവാക്കി; എത്ര തുക പാഴാക്കി; വിശദമാക്കുക;

(ഡി) അഞ്ചുവയസ്സു വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ചെലവഴിക്കാനുണ്ട്;

(ഇ) അധ്യാപകരുടെ ഗവേഷണത്തിനും നിലവാര വർദ്ധനവിനുമുള്ള നടപടികൾക്കായി എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; ഇനി എത്ര തുക ചെലവഴിക്കാനുണ്ട്;

(എഫ്) ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് പരിശീലനത്തിനും മറ്റുമായി എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കി; വിശദമാക്കുമോ;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

(ജി) ഇത്തരത്തിൽ ഒരോ പദ്ധതികൾക്കുമായി ലഭിച്ച തുകയിൽ ഏതെല്ലാം പദ്ധതികൾക്കായുള്ള തുക മറ്റു പ്രവൃത്തികൾക്കും, കമ്പ്യൂട്ടർ വാങ്ങൽ ഉൾപ്പെടെയുളളവയ്ക്കുമായി വകമാറ്റി ചെലവാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

എസ്.എസ്.എ. മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

1062 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റവന്യൂ ജില്ലയിൽ 2011-2012 വർഷത്തിൽ എസ്.എസ്.എ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) 2012-2013 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എസ്.എസ്.എ. മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോന്നും വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

(ഇ) 2013-2014 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാനായി എസ്.എസ്.എ. തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ ;

(എഫ്) എസ്.എസ്.എ.യിലൂടെ നടപ്പിലാക്കുന്ന പദ്ധതി രൂപീകരണം നടക്കുന്നത് പഞ്ചായത്ത് തലത്തിലുള്ള വിദ്യാഭ്യാസ സമിതിയുമായി കൂടിയാലോചിച്ചാണോ എന്ന് വ്യക്തമാക്കാമോ; പഞ്ചായത്ത് തലത്തിൽ പരിശോധനയും ചർച്ചയും നടക്കുന്നില്ല എന്ന് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഡിപ്ലോമ കോഴ്സുകൾ ബി.എഡിനു തുല്യമാക്കിയ ഉത്തരവ്

1063 ശ്രീ. എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
,, എസ്. ശർമ്മ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ അറബി, ഉറുദു, ഹിന്ദി ഡിപ്ലോമ കോഴ്സുകൾ ബി.എഡിനു തുല്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വകുപ്പിലെ ഏത് തലത്തിലുള്ള ഉദ്യോഗസ്ഥനാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇത് ചട്ടപ്രകാരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വകുപ്പ് സെക്രട്ടറിയും മന്ത്രിയും ഫയൽ കണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ യോഗ്യതയുടെ തുല്യതാകോഴ്സുകൾ അംഗീകരിക്കാനുള്ള അധികാരം സർവ്വകലാശാലകൾക്കാണെന്നിരിക്കെ, ഉത്തരവ് ചട്ടപ്രകാരമാണോ;

(ഇ) ഈ ഉത്തരവ് സംബന്ധിച്ച് കേസ് നിലവിലുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഡിപ്ലോമ കോഴ്സുകൾ ബി.എഡ്. നു തുല്യമാക്കിയ സർക്കാർ ഉത്തരവ്</u>

1064 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിപ്ലോമ കോഴ്സുകൾ ബി. എഡ്. നു തുല്യമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ഡിപ്ലോമ കോഴ്സുകളാണ് ബി.എഡ്. നു തുല്യമാക്കിയിട്ടുളളത്;

(സി) പ്രസ്തുത തീരുമാനം എടുക്കാനുണ്ടായ കാരണം എന്താണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അറബിക്/ഉറുദു/ഹിന്ദി ഡിപ്ലോമ കോഴ്സുകള്‍ ബി.എഡ്. ന് തുല്യമാക്കിയ ഉത്തരവ്</u>

1065 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെല്ലാം ഡിപ്ലോമ കോഴ്സുകളാണ് ബി.എഡ്. ന് തുല്യമാക്കി സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) ഡിപ്ലോമ കോഴ്സുകള്‍ക്കു പഠിക്കുന്നതിനുള്ള ചുരുങ്ങിയ യോഗ്യത എന്താണ്; വ്യക്തമാക്കുമോ;

(സി) അറബിക്/ഉറുദു/ഹിന്ദി ഡിപ്ലോമ കോഴ്സുകള്‍ ബി.എഡ്. ന് തുല്യമാക്കിയ ഉത്തരവിന്റെ ഫയല്‍ പൊതുവിദ്യാഭ്യാസ സെക്രട്ടറി കണ്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കില്‍, ഇതു കാണിക്കാതിരിക്കുവാനുള്ള കാരണം എന്താണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി</u>

1066

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്കുമാരുടെയും ലൈബ്രേറിയൻമാരുടെയും മറ്റു അനധ്യാപകരുടെയും തസ്തിക സൃഷ്ടിക്കാത്തതു മൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പ്ലസ് ടു അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം</u>

1067 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികമായി ഉണ്ടാക്കിയിട്ടുള്ള 550 പ്ലസ് ടു ബാച്ചുകളിലേക്കുള്ള അദ്ധ്യാപക തസ്തികയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എത്ര തസ്തികകളാണ് പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്ന അദ്ധ്യാപകരെ പങ്കാളിത്ത പെൻഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കുന്ന കാര്യം

1068

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഇൻവിജിലേറ്റർ നിയമന ഉത്തരവ് പിൻവലിക്കാൻ നടപടി

1069 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പരീക്ഷയുടെ ഇൻവിജിലേറ്റർമാരായി അതത് സ്കൂളിലെ അദ്ധ്യാപകരെ നിയമിച്ചാൽ മതിയെന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ ഉത്തരവ് മാനേജ്മെന്റുകളിൽ നിന്നും മറ്റും വാഗ്ദാനങ്ങൾ വാങ്ങി ക്രമക്കേടിന് വഴിവെയ്ക്കുന്ന സ്ഥിതിയുണ്ടാകുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഈ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ;

(ഡി) ഹയർസെക്കണ്ടറി മേഖലയിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹയര്‍ സെക്കണ്ടറി മേഖലയില്‍ എച്ച്.എസ്.എസ്.ടി. ജൂനിയര്‍, സീനിയര്‍ പ്രമോഷന്‍</u>

1070 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഹയര്‍ സെക്കണ്ടറി മേഖലയില്‍ എച്ച്.എസ്.എസ്.ടി ജൂനിയര്‍, സീനിയര്‍ പ്രൊമോഷന്‍ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കാമോ;

(ബി) ഹയര്‍ സെക്കണ്ടറി സ്പെഷ്യല്‍ റൂള്‍ സംസ്ഥാനത്ത് എന്ന് മുതല്‍ നടപ്പിലാക്കിത്തുടങ്ങിയെന്ന് വ്യക്തമാക്കാമോ;

(സി) ഹയര്‍ സെക്കണ്ടറി മേഖലയില്‍ ഇന്ന് നിലവിലുള്ള എച്ച്.എസ്.എസ്.ടി ജൂനിയര്‍, സീനിയര്‍ പ്രൊമോഷന്‍ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) എച്ച്.എസ്.എ/യു.പി.എസ്.എ/എല്‍.പി.എസ്.എ. തസ്തികയില്‍ നിന്ന് നേരിട്ട് എച്ച്.എസ്.എസ്.ടി സീനിയര്‍മാരായി നിയമിക്കുന്നുണ്ടോ; എങ്കില്‍ എത്ര ശതമാനം; ഇതുമൂലം എച്ച്.എസ്.എസ്.ടി ജൂനിയര്‍മാരുടെ അവസരം നഷ്ടപ്പെടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കുന്ദമംഗലം ഹയർസെക്കണ്ടറി സ്കൂളിലെ ഹിന്ദി അദ്ധ്യാപക നിയമനം</u>

1071 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റവന്യൂ ജില്ലയിലെ താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ ഹിന്ദി അധ്യാപിക കെ. നിതയുടെ നിയമനം അംഗീകരിച്ചുവോ; എങ്കിൽ പ്രസ്തുത നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ നൽകിയ നിയമന ഉത്തരവ് ഫോം 27, നിയമന അംഗീകാര അപേക്ഷയോടൊപ്പം സമർപ്പിച്ച ആന്റിസിഡന്റ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് നൽകാമോ;

(ബി) താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ തന്നെ കുന്ദമംഗലം എച്ച്.എസ്.എസ് ലെ ഹിന്ദി എച്ച്.എസ്.എ ശ്രീമതി ഗീതയുടെ നിയമനം അംഗീകരിച്ചുവോ എന്നത് വ്യക്തമാക്കുമോ; നിയമനം അംഗീകരിച്ചെങ്കിൽ നിയമനാംഗികാരം നൽകിയ ഉത്തരവിന്റെ പകർപ്പ്, അധ്യാപികയുടേതായി ഹാജരാക്കിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അധ്യാപികയുടെ ശിക്ഷാ വിശാരദ് സർട്ടിഫിക്കറ്റ്, ശിക്ഷാ വിശാരദ് യോഗ്യതയുടെ മാർക്ക് ലിസ്റ്റ്, അധ്യാപികയുടെ യോഗ്യത സർട്ടിഫിക്കറ്റ്, നിർവ്യാജത്വം പരിശോധിക്കുന്നതിന് എഴുതിയ കത്തിന്റെ പകർപ്പ്, നിർവ്യാജത്വം ശരിവെച്ച്കൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടുള്ള മറുപടി എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഹിന്ദി''ശിക്ഷാ വിശാരദ്'' സർട്ടിഫിക്കറ്റ് അംഗീകാരത്തിനായി എൻ.സി.റ്റി.ഇ അംഗീകരിച്ച കേരളത്തിലെ കേന്ദ്രങ്ങൾ ഏതെല്ലാം എന്നത് വ്യക്തമാക്കാമോ;

(ഡി) ഹിന്ദി അധ്യാപിക ഗീതയുടെ നിയമനം സംബന്ധിച്ചും യോഗ്യത (ശിക്ഷാ വിശാരദ്) സംബന്ധിച്ചും നിഖേഷ് എന്ന വ്യക്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി നൽകിയിരുന്നുവോ; ഈ പരാതിയിൽ അധ്യാപിക

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പഠിച്ചത് എൻ.സി.റ്റി.ഇ അംഗീകാരമുള്ള കേന്ദ്രത്തിൽ അല്ല എന്നും തൃശ്ശൂർ നായകനാൽ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ആണ് എന്നും പറഞ്ഞിരുന്നുവോ; പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്തെല്ലാം അന്വേഷണങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ;

(ഇ) നിഖേഷ് എന്ന വ്യക്തിയുടെ പരാതി ലഭിക്കുന്ന സമയത്ത് ഗീത എന്ന അധ്യാപികയുടെ നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നുവോ; ഇല്ലെങ്കിൽ ഈ നിയമനം സംബന്ധിച്ച് വ്യക്തമായ ആക്ഷേപങ്ങൾ കാണിച്ച് നൽകിയ പരാതിയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) ശ്രീ. നിഖേഷ് ഈ വിഷയത്തിൽ ചില രേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട അപേക്ഷയിൽ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകാൻ ആവശ്യപ്പെട്ടിട്ടും വിവരാവകാശ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകാത്തത് എന്തുകൊണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(എച്ച്) അന്യ സംസ്ഥാനത്ത് നിന്നുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുമ്പോൾ പ്രസ്തുത യോഗ്യത സർട്ടിഫിക്കറ്റിന്റെ നിർവ്യാജത്വം പരിശോധിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ (താമരശ്ശേരി) നിന്ന് കത്തയയ്ക്കാറുണ്ടോ; എങ്കിൽ രജിസ്ട്രേഡ് ആയിട്ടാണോ കത്ത് അയയ്ക്കാറുളളത് എന്നത് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരുടെ നിയമനം</u>

1072 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കന്നഡ എഴുതുവാനോ വായിക്കുവാനോ അറിയാത്ത അധ്യാപികയെ കന്നഡ മാധ്യമ വിഭാഗം സോഷ്യൽ സയൻസ് പഠിപ്പിക്കുവാൻ നിയമിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കന്നഡ സംഘം നിവേദനം നൽകിയി
ട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കന്നഡ ഭാഷാന്യൂനപക്ഷ വിഭാഗത്തിന്റെ ന്യായമായ ആവശ്യം പരിഗണിച്ച് പ്രസ്തുത സ്കൂളിൽ കന്നഡ ഭാഷ എഴുതുവാനും വായിക്കുവാനും അറിയുന്നവരെ കന്നഡ മാധ്യമ വിഭാഗം സോഷ്യൽ സയൻസ് പഠിപ്പിക്കുവാൻ അടിയന്തരമായി നിയമിക്കുമോ എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹയര്‍ സെക്കന്ററി സംസ്കൃതം ജൂനിയര്‍ ടീച്ചര്‍ തസ്തികയിലെ നിയമനം</u>

1073 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഹയര്‍ സെക്കന്ററി സംസ്കൃതം ജൂനിയര്‍ ടീച്ചര്‍ തസ്തികയിലെ ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടും അവ നികത്തുവാന്‍ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിലെ മാറമ്പിള്ളി കരയില്‍ നോര്‍ത്ത് ഏഴിപുറം പ്രശാന്തി നിലയത്തില്‍, ദേവിപ്രസാദം. പി.ആര്‍. ന് എന്നത്തേക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എയ്ഡഡ് കോളേജുകളിലേയും സ്കൂളുകളിലേയും നിയമനങ്ങൾ

1074 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളെജുകളിലേയും സ്കൂളുകളിലെയും നിയമനങ്ങൾ അംഗീകരിക്കുന്നതിലും ശമ്പളം നൽകുന്നതിലും കാലതാമസം വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂൾ കോളേജുകളിലെ എത്ര നിയമനങ്ങൾ ഇനിയും അംഗീകരിച്ച് നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് അംഗീകരിച്ച് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ; ഓരോ നിയമനത്തിനും ലഭിച്ച അപേക്ഷകളുടെ തീയതി കൂടി വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഒരു മാസത്തിനകം അംഗീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) അംഗീകാരം ലഭിച്ച് നിയമനം നടത്തുമ്പോൾ പോലും ഗുരുതരമായ കാലതാമസം ഇവ അംഗീകരിക്കുന്നതിൽ ഉണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>അൺ - എയ്ഡഡ് അധ്യാപകരെ ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിച്ച നടപടി</u>

1075

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ - എയ്ഡഡ് അധ്യാപകരെ ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കരുത് എന്ന ചട്ടം നിലനിൽക്കേ ഇവരെ ഇൻവിജിലേഷനായി നിയോഗിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം ചട്ടം മറികടന്ന് അൺ എയ്ഡഡ് അധ്യാപകരെ ഇൻവിജിലേഷന് നിയോഗിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പാര്‍ട്-ടൈം അധ്യാപകര്‍ക്ക് അര്‍ഹമായ ആനുകൂല്യങ്ങള്‍ ലഭ്യമാക്കാന്‍ നടപടി</u>

1076

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാര്‍ട്-ടൈം അറബിക്, ഉറുദു, സംസ്കൃതം അദ്ധ്യാപകര്‍ (പി.റ്റി.എച്ച്.എസ്.എ) നേരിടുന്ന പ്രശ്നങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഫുള്‍ടൈം അദ്ധ്യാപകര്‍ക്കും പാര്‍ട്-ടൈം അദ്ധ്യാപകര്‍ക്കും ആഴ്ചയില്‍ എത്ര പീരിയഡുകളാണ് പഠിപ്പിക്കാന്‍ നിശ്ചയിച്ചിട്ടുള്ളത്;

(സി) ഇവരുടെ നിയമന യോഗ്യതയില്‍ വ്യത്യാസമുണ്ടോ;

(ഡി) പാര്‍ട്-ടൈം സര്‍വ്വീസ് പൂര്‍ണ്ണമായും പെന്‍ഷന് പരിഗണിക്കാറുണ്ടോ;

(ഇ) ഇല്ലെങ്കില്‍ തുല്യയോഗ്യതയും തൊഴില്‍സമയ തുല്യതയും നിലനില്‍ക്കുന്ന പാര്‍ട്-ടൈം ഹൈസ്കൂള്‍ അസിസ്റ്റന്റുമാരുടെ കാര്യത്തില്‍ നിലനില്‍ക്കുന്ന വിവേചനം അവസാനിപ്പിച്ച് അവര്‍ക്ക് അര്‍ഹമായ ആനുകൂല്യങ്ങള്‍ ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കായിക അദ്ധ്യാപകരുടെ പ്രശ്നങ്ങൾ</u>

1077

ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ കായിക അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) യു.പി., ഹൈസ്കൂൾ തലത്തിൽ കായിക അദ്ധ്യാപക പീരിയഡ് കണക്കാക്കുമ്പോൾ നിലവിൽ എൽ.പി.യുള്ള യു.പി. സ്കൂളുകളിൽ 5, 6, 7 ക്ലാസ്സുകളുടെ പിരീയഡ് മാത്രമേ കണക്കാക്കുന്നുള്ളൂ. +2 വുള്ള ഹൈസ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളുടെ പീരിയഡ് മാത്രമേ കണക്കാക്കുന്നുള്ളൂ. ഇതുമൂലം കായിക അധ്യാപകർക്ക് ജോലിഭാരം കൂടുന്നതിനാൽ ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) പിരീയഡുകളുടെ എണ്ണം നോക്കാതെ മുഴുവൻ വിദ്യാലയങ്ങളിലും കായിക അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി. ജൂനിയർ ഒഴിവുകളിലേക്കു നിയമനം

1078 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി. ജൂനിയർ ഒഴിവുകളിലേക്ക് ഗവൺമെന്റ് സ്കൂളുകളിലെ യോഗ്യരായ അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി;

(സി) നിയമനം നടന്നിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഫുൾടൈം മീനിയൽ തസ്തികയിൽ നിയമനം

1079 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ ഹൈസ്കൂളുകളിൽ സ്വീപ്പിംഗ് ജോലി നടത്തേണ്ട ഫുൾടൈം മീനിയൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തസ്തികകൾ എന്നറിയിക്കുമോ ;

(സി) ഈ തസ്തികകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ ;

(ഡി) ഈ തസ്തികയിലേയ്ക്കുള്ള നിയമനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഓട്ടിസം ബാധിച്ച കുട്ടികൾക്കായി സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാൻ നടപടി</u>

1080 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നത് സംബന്ധിച്ച ഉത്തരവ് നിലവിൽ ഉണ്ടോ;

(ബി) ഇത്തരത്തിൽ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള അനുപാതം എത്രയാണ് ;

(സി) സ്കൂളുകളിൽ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അടുത്ത അക്കാഡമിക് വർഷം സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

<u>ബഡ്സ് സ്കൂളുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി</u>

1081 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ബാധിതർക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ബഡ്സ് സ്കൂളുകളിലെ നിലവിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപകരുടെ എണ്ണത്തിൽ കുറവുണ്ടെങ്കിൽ ആവശ്യമായ അധ്യാപകരെ നിയമിക്കുമോ;

(സി) ഇത്തരം സ്കൂളുകൾ വിജയമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവനുസരിച്ച് അധ്യാപകരുടെ ജോലിഭാരം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്കൂളുകളിലെ അധ്യാപകരുടെ സേവന - വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് അദ്ധ്യാപകരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട അദാലത്തുകൾ</u>

1082 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങളിലുളള എയ്ഡഡ് അദ്ധ്യാപകരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ സെക്രട്ടേറിയറ്റിലും, വിവിധ വിദ്യാഭ്യാസ ഓഫീസുകളിലും കെട്ടിക്കിടക്കുന്നുണ്ടെന്ന വിവരം വെളിപ്പെടുത്താമോ;

(ബി) ഈ ഫയലുകളിൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റ്റി. റ്റി. സി. സ്ഥാപനങ്ങളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുവാൻ നടപടി</u>

1083

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുമളിയിലും മൂന്നാറിലും പ്രവർത്തിക്കുന്ന തമിഴ് റ്റി. റ്റി. സി. സ്ഥാപനങ്ങളിൽ സ്ഥിരം അധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; ഏങ്കിൽ എത്രപേരെയാണ് നിയമിച്ചത് ; എത്ര പേർ ഇവിടെ ജോലിചെയ്തുവരുന്നു ;

(ബി) ഈ സ്ഥാപനങ്ങളിൽ സ്ഥിരം അധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിൽ, എന്തുകൊണ്ട് ;

(സി) സ്ഥിരം അധ്യാപകരെ നിയമിക്കാത്തതിനാൽ അധ്യയനം നടത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഡി) ഈ സ്ഥാപനങ്ങളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിലെ നിയമനം

1084 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് അല്ലാത്ത വകുപ്പുകൾക്കു കീഴിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം എം.എസ്.പി. ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റ് അധികാരം ആരിൽ നിക്ഷിപ്തമാണ്; അവിടത്തെ നിയമനം പി.എസ്.സിക്കു വിട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ എന്നു വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ താല്ക്കാലിക ജീവനക്കാർ</u>

1085 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര ജീവനക്കാർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ടെന്നും ഇവർ എത്ര വർഷമായി അതെ സ്ഥാപനത്തിൽ തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഐ.ഇ.ഡി റിസോഴ്സ് അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

1086 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ഇ.ഡി റിസോഴ്സ് ടീച്ചർമാർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം;

(ബി) നിശ്ചിത യോഗ്യതയുള്ള എത്ര റിസോഴ്സ് ടീച്ചർമാർ സംസ്ഥാനത്താകെ പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ ഈ വിഭാഗം അധ്യാപകർക്ക് നൽകുന്ന വേതനം എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ; യോഗ്യതയും ജോലിയും ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ ഇപ്പോൾ നൽകുന്ന വേതനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഐ.ഇ.ഡി റിസോഴ്സ് ടീച്ചർമാരുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) കോഴിക്കോട് ജില്ലയിൽ വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഐ.ഇ.ഡി റിസോഴ്സ് അധ്യാപകരുടെ പേര് വിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>റിസോഴ്സ് അദ്ധ്യാപകർക്ക് സ്ഥിരനിയമനം</u>

1087 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂർണ്ണയോഗ്യത നേടിയ എത്ര റിസോഴ്സ് അദ്ധ്യാപകർ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ സേവന - വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

റിസോഴ്സ് അദ്ധ്യാപകരുടെ വേതനം

1088 ശ്രീ. എം.എ ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ഡബ്ല്യൂ.എസ്.എൻ കുട്ടികളിൽ സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളെ വീട്ടിൽ എത്തി പഠിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സി.ഡബ്ല്യൂ.എസ്.എൻ കുട്ടികൾക്കായുള്ള പ്രത്യേകം കരിക്കുലം തയ്യാറാക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം</u>

1089 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പ്രൈമറി തലം മുതൽ എന്തെല്ലാം കാര്യങ്ങളാണ് നടത്തിവരുന്നത് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്താന്‍ നടപടി</u>

1090 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം പരിശോധിക്കുവാനും മെച്ചപ്പെടുത്തുവാനും എന്തെങ്കിലും സംവിധാനങ്ങള്‍ നിലവിലുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സര്‍ക്കാര്‍ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് വേണ്ടി നടപ്പിലാക്കിയ പുതിയ പദ്ധതികള്‍ വിശദമാക്കുമോ ; ഇതിനുവേണ്ടി ഇംഗ്ലീഷ് ഭാഷാധ്യാപകര്‍ക്കും മറ്റു വിഷയങ്ങള്‍ ഇംഗ്ലീഷില്‍ പഠിപ്പിക്കുന്നവര്‍ക്കും പ്രത്യേക പരിശീലനം നല്‍കുന്നുണ്ടോ; വിശദവിവരങ്ങള്‍ നല്‍കുമോ ;

(സി) സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ പഠിച്ചുവരുന്ന കുട്ടികള്‍ മത്സര പരീക്ഷകളില്‍ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിനുവേണ്ടി സ്കൂള്‍ തലത്തില്‍ കുട്ടികള്‍ക്ക് നല്‍കുന്ന പ്രത്യേക പരിശീലനം എന്താണെന്ന് പറയാമോ ; ഇതിനുവേണ്ടി അദ്ധ്യാപകരെ പ്രത്യേകമായി നിയമിക്കുന്നുണ്ടോ ; വിശദ വിവരം നല്‍കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

സി. ബി. എസ്. ഇ., ഐ. സി. എസ്.ഇ സ്കൂളുകളിൽ മലയാളം നിർബന്ധമാക്കൽ

1091 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ സി. ബി. എസ്.ഇ/ഐ. സി. എസ്.ഇ സ്കൂളുകളിലും മലയാളഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

അക്കാദമിക് സിറ്റിയുടെ പ്രവർത്തന പുരോഗതി

1092

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അക്കാദമിക് സിറ്റിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഏതു ജില്ലയിലാണ് പ്രസ്തുത സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അക്കാദമിക് സിറ്റി സംബന്ധിച്ച് സമഗ്രമായ പ്രോജക്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിര്‍മ്മാണം</u>

1093 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പെരുമ്പാവൂര്‍ കുറുപ്പംപടിയില്‍ എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിര്‍മ്മാണം പൂര്‍ത്തിയാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിനായി ബാക്കി വേണ്ട തുക എത്രയാണ്;

(സി) എസ്റ്റിമേറ്റ് പുതുക്കി ലഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദവിവരം അറിയിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകാൻ നടപടി

1094

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ച ഭക്ഷണ പരിപാടിക്കായി ഈ വർഷം എത്ര രൂപയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) 2011-12 അദ്ധ്യയന വർഷത്തിൽ ഈ ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുളളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഈ കുടിശ്ശിക നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ അദ്ധ്യയന വർഷത്തിൽ അഡ്വാൻസായി നൽകിയ തുക ആദ്യ 3 മാസം കൊണ്ടുതന്നെ മിക്ക സ്ക്കൂളുകളിലും തീരുകയും തുടർന്ന് പി.റ്റി.എ കമ്മറ്റിയുടെയും, സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെയും പക്കൽ നിന്നും തുക മുടക്കി ഉച്ചഭക്ഷണ പരിപാടി തുടർന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷം മാവേലിസ്റ്റോർ വഴി അരിയും, പയറും, മിൽമ വഴി പാലും ലഭിക്കുമായിരുന്നു; പുതുക്കിയ ഉത്തരവുപ്രകാരം അരിയൊഴികെ മുഴുവൻ സാധനങ്ങളും പ്രഥമാധ്യാപകർക്ക് പൊതുവിപണിയിൽ നിന്നും വാങ്ങേണ്ടി വരുന്നതിനാൽ അടിക്കടി ഭക്ഷ്യസാധനങ്ങൾക്കുണ്ടായ വിലക്കയറ്റം മൂലം നല്ലൊരു പങ്ക് പ്രഥമാധ്യാപകരും, ഉച്ചഭക്ഷണ പരിപാടി നടത്തിപ്പിന്റെ കമ്മിറ്റിക്കാരും കടക്കെണിയിൽപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ, 2011-12-ലെ കുടിശ്ശിക നൽകുന്നതിനും ഈ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ തുക കണക്കാക്കി ഉടൻ വിതരണം ചെയ്യുന്നതിനും എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

1095

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സംസ്ഥാനത്തെ എത്ര മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ അപ്ഗ്രേഡ് ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) ഏതെല്ലാം സ്ഥാപനങ്ങളാണ് അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(സി) അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുളള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ഡി) അപ്ഗ്രേഡ് ചെയ്യുന്ന സ്ഥാപനങ്ങളിൽ എന്തെല്ലാം സൗകര്യങ്ങൾ നടപ്പാക്കുമെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്കൂള്‍ പ്രവേശനത്തിനുള്ള പ്രായം</u>

1096 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ക്ലാസില്‍ ചേരുന്നതിനുള്ള പ്രായ പരിധി ഇപ്പോള്‍ എത്രയാണ്;

(ബി) ചില സ്കൂളുകളില്‍ 6 വയസ്സും, ചിലതില്‍ അഞ്ചു വയസ്സുമാണ്. ഇക്കാര്യത്തില്‍ നിലപാട് വ്യക്തമാക്കുമോ;

(സി) എങ്കില്‍ പ്രായപരിധി ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>മദ്രസ നവീകരണ പദ്ധതി</u>

1097 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസകളിൽ സ്കൂൾ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള മദ്രസ നവീകരണ പദ്ധതിയിൽ കാസർകോട് ജില്ലയിൽ എത്ര മദ്രസകളെ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലേക്ക് ജില്ലയിൽ നിന്നും എത്ര മദ്രസകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(സി) അപേക്ഷ നൽകിയ എതെങ്കിലും മദ്രസകളെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

(ഡി) അർഹതയുണ്ടായിട്ടും ഒഴിവാക്കപ്പെട്ട അഥവാ പദ്ധതിയിൽ ഉൾപ്പെടാതെ പോയ മദ്രസകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭാവിയിൽ സ്വീകരിക്കുമോ;

(ഇ) നടപ്പ് വർഷം എത്ര മദ്രസകൾക്ക് എത്ര രൂപ ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ചൈല്‍ഡ് ലൈനിന്റെ പ്രവര്‍ത്തനം</u>

1098 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചൈല്‍ഡ് ലൈനിന്റെ പ്രവര്‍ത്തനം ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കില്‍ ഇതിന്റെ പ്രവര്‍ത്തനം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) എങ്കില്‍ ഇതു സംബന്ധിച്ച മാര്‍ഗ്ഗരേഖകളുടെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

വാക്ക് വിത്ത് എ സ്കോളര്‍

1099 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'വാക്ക് വിത്ത് എ സ്കോളര്‍' പദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിയ 50 ലക്ഷം രൂപയില്‍ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ഏതെല്ലാം സ്ഥാപനങ്ങളില്‍ നടപ്പാക്കിയെന്നും ഇതിന്റെ പരിധിയില്‍ എത്ര വിദ്യാര്‍ത്ഥികളെ ഉള്‍പ്പെടുത്തിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കേണ്ടതില്ല എന്ന കോടതി വിധിയിന്മേൽ അപ്പീൽ നല്കാൻ നടപടി</u>

1100 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കേണ്ടതില്ലെന്നും ഗവൺമെന്റ് സ്കൂളുകളിലേതിനേക്കാൾ മികച്ച അദ്ധ്യായനം അവിടെയാണ് നടക്കുന്നതെന്നും ഈയിടെ ഒരു കോടതിവിധി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അപ്പീൽ നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് സംസ്ഥാന പരിശീലകനെതിരെ നടപടി</u>

1101 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾക്കെതിരെ വിദ്യാഭ്യാസ വകുപ്പു നടത്തിയ മൂല്യബോധന യാത്രയുടെ സമാപനത്തിൽ സ്റ്റുഡന്റ് പോലീസ് സംസ്ഥാന പരിശീലകൻ സ്ത്രീകളെയും, പെൺകുട്ടികളെയും അവഹേളിച്ച് അപമര്യാദമായ പരാമർശങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ വിവാദ പ്രസംഗം നടത്തിയ ഈ പരിശീലകനെതിരെ എന്തൊക്കെ വകുപ്പുതല നടപടികളാണ് സ്വീകരിച്ചത്; ഇയാൾക്കെതിരെ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തുവോ; വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏത് സ്ഥാപനത്തിലാണ് ഈ പരിശീലകൻ ജോലി നോക്കുന്നതെന്നും, സംസ്ഥാന പരിശീലകനാകാൻ ഇയാൾക്ക് എന്താണ് യോഗ്യതയായി വിദ്യാഭ്യാസ വകുപ്പ് കണ്ടതെന്നും വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏത് സ്ഥാപനമാണ് 'മൂല്യബോധനയാത്ര' നടത്തിയതെന്നും ആയതിന് ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പൊതുവിദ്യാഭ്യാസവകുപ്പിന് 2012-13 ബഡ്ജറ്റിൽ അനുവദിച്ച തുക

1102 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസവകുപ്പിൻകീഴിൽ 2012-2013 ബഡ്ജറ്റിൽ ഓരോ ഇനത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര വിഹിതം എത്ര;

(ബി) ഖജനാവിൽ നിന്നും ഇതിനകം ചെലവഴിച്ച തുക എത്രയെന്നു വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ;

(സി) 2012-13 സാമ്പത്തികവർഷം അനുവദിച്ച കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ ഏവ; ഇവയോരോന്നിനും വകയിരുത്തിയ തുകയും, ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

എല്‍.എസ്.എസ്, യു.എസ് എസ്. എന്നിവയുടെ തുക
വര്‍ദ്ധിപ്പിക്കല്‍

1103 ശ്രീ. റ്റി.എ.അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്‍.എസ്.എസ്, യു.എസ്.എസ് എന്നീ സ്കോളര്‍ഷിപ്പുകളുടെ തുക വര്‍ദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ സ്കോളര്‍ഷിപ്പ് തുക കാര്യമായി വര്‍ദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം</u>

1104 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഇതു പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>മള്‍ട്ടി ഗ്രേഡ് ലേണിങ്ങ് സെന്‍ററുകള്‍ എല്‍.പി.സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യാന്‍ നടപടി</u>

1105 ശ്രീ. കെ കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മള്‍ട്ടിഗ്രേഡ് ലേണിങ്ങ് സെന്‍ററുകള്‍ എല്‍.പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കാസര്‍ഗോഡ് ജില്ലയില്‍ ഏതൊക്കെ മള്‍ട്ടിഗ്രേഡ് ലേണിങ്ങ് സെന്‍ററുകളാണ് പരിഗണനയിലുളളത്;

(സി) ഇതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇങ്ങനെ എല്‍.പി സ്ക്കൂളാക്കിമാറ്റുമ്പോള്‍ വര്‍ഷങ്ങളായി അവിടെ ജോലി ചെയ്തുവരുന്ന ജീവനക്കാരെ എന്ത് ചെയ്യാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി.
ഗ്രേസ്മാർക്കുകൾ ഏകീകരിക്കാൻ നടപടി

1106 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി മേഖലയിലെ വിവിധ പദ്ധതികളായ എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി എന്നിവയ്ക്ക് നൽകുന്ന ഗ്രേസ്മാർക്കിന്റെ അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രേസ്മാർക്കുകൾ ഏകീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) എൻ.എസ്.എസിന്റെ റെഗുലർ പ്രവർത്തനങ്ങൾക്കുള്ള തുക പൂർണ്ണമായും വിതരണം ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണ്;

(ഡി) എൻ.എസ്.എസ്. ഗ്രാന്റ് വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മാറ്റിയിട്ടുണ്ടോ; എങ്കിൽ എന്താണ് മാറ്റങ്ങൾ; വിശദമാക്കാമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി പരീക്ഷാഡ്യൂട്ടിയ്ക്ക് പ്രൈമറി അദ്ധ്യാപകരെ നിയോഗിച്ച നടപടി</u>

1107 ശ്രീ. എം. ചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർസെക്കന്ററി പരീക്ഷാ ഡ്യൂട്ടിയ്ക്ക് പ്രൈമറി അദ്ധ്യാപകരെ നിയോഗിക്കുകയുണ്ടായോ; ഇത്തരം ഒരു സാഹചര്യം ഉണ്ടാകാനുള്ള കാരണമെന്താണ് ;

(ബി) അദ്ധ്യാപകരെ അതത് സ്കൂളിൽ തന്നെ പരീക്ഷാഡ്യൂട്ടിക്ക് നിയോഗിക്കുകയുണ്ടായോ; ഇത് പരീക്ഷയുടെ വിശ്വാസ്യത ഇല്ലാതാക്കും എന്ന് അറിവുള്ളതാണോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പാചകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

1108 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് നൽകുന്ന മിനിമം കൂലി എത്രയാണ് ;

(ബി) സ്കൂളുകളിലെ പാചകശാലയ്ക്ക് ഉണ്ടാവേണ്ട മിനിമം സൗകര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പാചകത്തൊഴിലാളികൾക്ക് പ്രതിമാസ വൈദ്യ പരിശോധന, യൂണിഫോം എന്നിവ ഏർപ്പെടുത്താമോ ;

(ഡി) ഉച്ചഭക്ഷണം പാചകത്തിനും വിതരണത്തിനും ആവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>സ്കോളർഷിപ്പ് തുക</u>

1109 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകളുടെ തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹൈസ്കൂൾ ക്ലാസ്സുകളിലെ സാമൂഹ്യപാഠം പരീക്ഷ</u>

1110 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 8-ാം ക്ലാസുമുതൽ 10-ാം ക്ലാസുവരെയുള്ള സാമൂഹ്യ പാഠം പരീക്ഷ രണ്ട് വിഭാഗമായി നടത്തുവാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സാമൂഹ്യപാഠം പരീക്ഷ രണ്ട് പരീക്ഷകളായി ക്രമീകരിച്ചാൽ വിദ്യാർത്ഥികളുടെ പഠനഭാരം കുറയ്ക്കാൻ കഴിയും എന്ന വസ്തുതയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ബഡ്സ് സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം

1111 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ബഡ്സ് സ്കൂളുകളിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ട് ;

(ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത സ്കൂളുകൾക്ക് അടിയന്തരമായി അവ നിർമ്മിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ ;

(സി) ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കാക്കി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് ആവശ്യമായ സത്വര നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>തമിഴ് ഭാഷ ഐച്ഛികവിഷയമായി പഠിക്കുന്നതിനുള്ള സൗകര്യം</u>

1112 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട ഗവൺമെന്റ് ഹൈസ്കൂളിൽ തമിഴ് മീഡിയം ക്ലാസ് ഉള്ളതായി അറിയാമോ;

(ബി) തമിഴ്നാട് അതിർത്തിയോടുചേർന്ന് കിടക്കുന്ന മുതലമട പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും തമിഴ് മീഡിയത്തിൽ പഠിച്ച് എസ്.എസ്.എൽ.സി പാസാകുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി പഠനത്തിന് തമിഴ് പഠിക്കാനുള്ള സൗകര്യം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മുതലമട ഹയർ സെക്കണ്ടറി സ്കൂളിൽ തമിഴ് ഭാഷ ഐച്ഛിക വിഷയമായി പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കീൽ ഡെവലപ്പ്മെന്റ്
പ്രോജക്ടിന്റെ പുരോഗതി</u>

1113 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ ഭാഗമായുള്ള പരിശീലന കേന്ദ്രമായി മങ്കട നിയോജക മണ്ഡലത്തിൽ നിന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മങ്കട മണ്ഡലത്തിലെ പ്രസ്തുത പ്രോജക്ടിന്റെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി ജില്ലാതല ഓഫീസുകൾ

1114 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകൾക്കായി ജില്ലാതല ഓഫീസുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) അഡീഷണൽ ബാച്ചുകൾ അനുവദിച്ചു നൽകിയ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് തസ്തികകൾ അനുവദിച്ചു നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ;

(ഇ) അഡീഷണൽ ബാച്ചുകൾ അനുവദിച്ചു നൽകിയ ഹയർ സെക്കൻഡറി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകളിലെ ജോലികൾ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ എയ്ഡഡ് മേഖലയിലെ സ്കൂളുകളില്‍ പുതിയതായി പ്ലസ് ടു കോഴ്സുകള്‍</u>

1115 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ അദ്ധ്യയന വര്‍ഷം സര്‍ക്കാര്‍ എയ്ഡഡ് മേഖലയിലെ സ്കൂളുകളില്‍ പുതിയതായി പ്ലസ് ടു കോഴ്സുകള്‍ തുടങ്ങുവാന്‍ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങല്‍ നിയോജക മണ്ഡലത്തിലുള്‍പ്പെട്ട നഗരൂര്‍ ചെറുന്നിയൂര്‍, പുളിമാത്ത് ഗ്രാമപഞ്ചായത്തുകളിലെ സ്കൂളുകളില്‍ ഹയര്‍ സെക്കണ്ടറി വിഭാഗം ഇല്ലായെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത പഞ്ചായത്തുകളില്‍ ഹയര്‍ സെക്കണ്ടറി കോഴ്സുകള്‍ തുടങ്ങുവാന്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പിലെ പാകപ്പിഴ</u>

1116

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹയർ സെക്കണ്ടറി പരീക്ഷ നടത്തിപ്പിൽ വ്യാപകമായ താളപ്പിഴകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ തല പരീക്ഷയ്ക്കൊപ്പം ഹയർ സെക്കണ്ടറി പൊതു പരീക്ഷയും നടത്താൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷയ്ക്ക് അധ്യാപകരെ ചുമതലപ്പെടുത്തുന്ന നടപടികൾ ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടറേറ്റ് തലത്തിലാണോ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിലാണോ നിർവ്വഹിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ അതത് സ്കൂളിൽ തന്നെ ഡ്യൂട്ടിയ്ക്ക് നിയമിക്കുന്നതും താൽക്കാലിക അധ്യാപകരെ പരീക്ഷാ ഡൂട്ടിക്ക് നിയമിക്കുന്നതും പരീക്ഷാ നടത്തിപ്പിൽ സ്വീകരിച്ചുവരുന്ന കീഴ്വഴക്കമാണോ എന്നും മുൻവർഷങ്ങളിൽ ഇങ്ങനെ വ്യാപക പരാതി ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കാമോ;

(ഇ) പരീക്ഷാ സൂപ്രണ്ടായി നിയമിക്കപ്പെടുന്നതിന് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കാറുണ്ടോ; എങ്കിൽ സീനിയോറിറ്റി മറികടന്ന് വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട അരികുളം കെ.പി.എം.എച്ച്.എസ്-ലെ ജൂനിയർ അധ്യാപകനെ ചീഫ് സൂപ്രണ്ടായി നിയമിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(എഫ്) ഇത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കണ്ടറി സ്കൂൾ

1117 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കണ്ടറി സ്കൂൾ 1957-ൽ ആരുടെ പേരിലാണ് അനുവദിച്ചത്;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ രേഖകൾ പ്രകാരം സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം ആരുടെ പേരിലാണ്;

(സി) പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള സ്കൂൾ ഒരു സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>അക്കാദമിക് നിലവാരം കുറഞ്ഞുവരുന്നത് പഠിക്കുന്നതിന് സമിതി</u>

1118 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം കുറഞ്ഞുവരുന്നതമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജയശതമാനം കുറഞ്ഞതടക്കമുള്ള വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സർക്കാർ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതിയിലെ അംഗങ്ങൾ ആരെല്ലാം; വിശദമാക്കുമോ;

(സി) സമിതിയുടെ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ സമിതി ഇടക്കാല റിപ്പോർട്ടുകളോ ശുപാർശകളോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ പകർപ്പ് അടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം</u>

1119 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകൾ നിലവിൽ വന്നതോടെ വിദ്യാഭ്യാസ നിലവാരം പ്രത്യേകിച്ച് എൻജിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഇടിഞ്ഞതായുള്ള ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെ നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള ശമ്പളം

1120 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെ നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകി ശമ്പള വിതരണം, ഗ്രേഡ് മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ പോളിസ്ട്രീമിൽപ്പെട്ട അദ്ധ്യാപകർക്ക് നിയമനമോ ഗ്രേഡോ മറ്റ് ആനുകൂല്യങ്ങളോ നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

**എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണാവകാശം നൽകൽ**

1121

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണാവകാശം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) തീരുമാനിച്ചിട്ടുണ്ടെങ്കിൽ സർക്കാർ മേഖലയിലെ ഒരു സ്ഥാപനം സ്വയംഭരണസ്ഥാപനമാക്കി മാറ്റുന്നതിന് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തൊക്കെ ; വിശദമാക്കുമോ;

(സി) ഇതിലൂടെ കുറഞ്ഞ ഫീസിൽ നല്ല സ്ഥാപനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

സര്‍ക്കാര്‍ എഞ്ചിനീയറിംഗ് കോളേജുകളില്‍ അദ്ധ്യാപകരുടെ അഭാവം

1122 ശ്രീ. അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ എഞ്ചിനീയറിംഗ് കോളേജുകളില്‍ വിവിധ വിഭാഗങ്ങളില്‍ പഠിപ്പിക്കുന്നതിന് മതിയായ അദ്ധ്യാപകരില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വിഭാഗത്തിലും അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങളില്‍പ്പെട്ട അദ്ധ്യാപകര്‍ക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) നിലവിലുള്ള ഒഴിവുകളില്‍ അടിയന്തിരമായി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ</u>

1123 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) ഇവിടെ എത്ര സ്വാശ്രയ സ്ഥാപനങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്</u>

1124 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ എന്ത് തുക ചെലവഴിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകൾ ഉണ്ട്; ആകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു; കോഴ്സ് തിരിച്ച് കണക്ക് നൽകുമോ;

(സി) ഈ കോളേജിൽ എത്ര പോസ്റ്റ്ഗ്രാജേ്വറ്റ് കോഴ്സുകൾ ഉണ്ട്; ഏതെല്ലാം;

(ഡി) കോളേജിൽ ബി.ടെക് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സ് ആരംഭിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ കോഴ്സ് ആരംഭിക്കും; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സാറ്റലൈറ്റ് ഇന്റ്റാക്ടീവ് ടെർമിനലുകൾ</u>

1125 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാറ്റലൈറ്റ് ഇന്റ്റാക്ടീവ് ടെർമിനലുകൾ സംസ്ഥാനത്തെ എത്ര കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം കോളേജുകളിലാണ് ടെർമിനലുകൾ സ്ഥാപിച്ചത്;

(സി) ഇതിനായി എന്തു തുക ചെലവഴിച്ചു; ഏത് ഏജൻസി മുഖേനയാണ് ഇതു നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) എഡ്യൂസാറ്റ് പദ്ധതി സംസ്ഥാനത്തെ മുഴുവൻ കലാശാലകളിലേക്കും വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>മൂന്നാർ സർക്കാർ കോളേജിൽ എം.എസ്.സി. മാത്സ് കോഴ്സ്</u>

1126

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ സർക്കാർ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിൽ ഉളളത്;

(ബി) ഈ കോളേജ് ഏതു വർഷമാണ് ആരംഭിച്ചത്; ഇപ്പോൾ വിവിധ കോഴ്സുകളിലായി എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നു;

(സി) ഈ കോളേജിൽ എം.എസ്.സി. മാത്സ് കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്</u>

1127 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>എളേരിത്തട്ട് ഇ.കെ.നായനാര്‍ സ്മാരക കോളേജില്‍</u>
<u>ലൈബ്രറി, ഓഡിറ്റോറിയം നിര്‍മ്മാണം</u>

1128 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എളേരിത്തട്ട് ഇ.കെ. നായനാര്‍ സ്മാരക കോളേജില്‍ ലൈബ്രറി, ഓഡിറ്റോറിയം എന്നിവ നിര്‍മ്മിക്കുന്നതിന് നേരത്തെ ലഭിച്ച ഭരണാനുമതി റിവൈസ് ചെയ്യുന്നതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ബിരുദാനന്തരബിരുദവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പ്</u>

1129 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യശാസ്ത്രവിഷയങ്ങളിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി 2012-2013 സാമ്പത്തികവർഷം ആകെ എന്തു തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത സ്കോളർഷിപ്പ് നടപ്പു സാമ്പത്തികവർഷം എത്ര വിദ്യാർത്ഥികൾക്കു നൽകുകയുണ്ടായി;

(സി) ഈയിനത്തിൽ എന്തു തുക ചെലവഴിച്ചു;

(ഡി) എത്ര വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി അപേക്ഷ നൽകി; എത്ര വിദ്യാർത്ഥികൾക്ക് ഇനിയും സ്കോളർഷിപ്പ് അനുവദിക്കുവാനുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ</u>

1130

ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ചേർത്തല താലൂക്കിൽ എത്ര രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ട്; ഈ തുക എത്രയും വേഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

ഡിഗ്രിക്ക് തുല്യമായ കോഴ്സുകൾ

1131 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഫ്സൽ ഉലമ കോഴ്സിനെ ഡിഗ്രിക്കു തുല്യമായും ഭാഷാധ്യാപക ഡിപ്ലോമ കോഴ്സുകളെ ബി.എഡിനു തുല്യമായും പരിഗണിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലകൾ അംഗീകരിച്ചിട്ടില്ലാത്ത കോഴ്സുകൾ ഡിഗ്രിക്ക് തുല്യമാണോ എന്ന് തീരുമാനിക്കുന്നത് സർവ്വകലാശാലയോ സർക്കാരോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് കോളേജുകളിലേയും, യൂണിവേഴ്സിറ്റികളിലേയും ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

1132 ശ്രീ. പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡഡ് കോളേജുകളിലേയും യൂണിവേഴ്സിറ്റികളിലേയും ജീവനക്കാരുടെ കുറവും, പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ചെയർമാനും കൺവീനറും ആരാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് സമർപ്പിച്ചത്; വിശദമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന് ഈ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) 1998 ന് ശേഷം അനുവദിച്ച കോഴ്സുകൾക്കാനുപാതികമായി സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) എയ്ഡഡ് കോളേജ് ജീവനക്കാർക്ക് ആശ്രിതനിയമന വ്യവസ്ഥ ബാധകമാക്കാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം</u>

1133 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് സ്വയം ഭരണാവകാശം നൽകാൻ ഉദ്ധേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) സ്വയംഭരണ സ്ഥാപനമാകുന്നതോടെ കോളേജിൽ നിലവിലുള്ള ഫീസ് ഘടനയിൽ പതിന്മടങ്ങ് വർദ്ധനയുണ്ടാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭാവിയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വയംഭരണാവകാശം നടപ്പിലാക്കുന്നതിന്റെ ഗുണ-ദോഷവശങ്ങളെ കുറിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ മേഖയിലെ പിന്നോക്കാവസ്ഥ</u>

1134 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാം;

(സി) ഇതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് പദ്ധതി</u>

1135 ശ്രീ. എം. ഉമ്മർ
,, പി. കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്ക്കരിച്ചു നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2012-13 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ മേഖലയുടെ മെച്ചപ്പെടുത്തലിനായി എന്തു തുക വകയിരുത്തി, എന്തു തുക ചെലവഴിച്ചു എന്നീ വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

2012-2013-ൽ ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ
പദ്ധതി-പദ്ധതിയിതരവിഹിതം

1136 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലെ ബഡ്ജറ്റിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൻകീഴിൽ ഓരോ കണക്കിലും വകയിരുത്തിയ പദ്ധതി-പദ്ധതിയിതര തുക എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) നീക്കിവെച്ച തുകയിൽ ഇതിനകം ചെലവഴിച്ച തുക എത്ര; വിശദാംശം നൽകുമോ;

(സി) 2012-13 സാമ്പത്തികവർഷത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്ക്കൃതപദ്ധതികൾ ഏവ; ഇവ ഓരോന്നിനും വകയിരുത്തിയ തുകയും, ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഓപ്പൺ യൂണിവേഴ്സിറ്റി

1137 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ അവസരം ലഭിക്കുന്നതിനായി ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുമോ;

(ബി) 2011-12-ൽ വിവിധ യൂണിവേഴ്സിറ്റികളിലായി എത്ര പേർ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഗ്രന്ഥശാലാസംഘത്തിന് ഗ്രാന്റ്

1138 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2012-13-ലെ ഗ്രാന്റ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗ്രാന്റ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഗ്രാന്റ് എപ്പോൾ അനുവദിക്കുമെന്ന കാര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഐ.ഐ.ടി സ്ഥാപിക്കുന്നതിന് നടപടി</u>

1139 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒരു ഐ.ഐ.ടി സ്ഥാപിക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റില്‍ എത്ര കോടി രൂപ വകയിരുത്തിയിരുന്നു;

(ബി) ഈ പ്രവര്‍ത്തനങ്ങള്‍ക്കായി എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഒരു ഐ.ഐ.ടി സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രത്തിന്റെ പ്രതികരണമെന്താണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ഐ.ഐ.റ്റി</u>

1140 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പാലക്കാട് ജില്ലയിൽ ഐ.ഐ.റ്റി. സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ ;

(ബി) ഇതിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഐ.ഐ.റ്റി. സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

2012-2013-ൽ സാങ്കേതികവിദ്യാഭ്യാസവകുപ്പിന്റെ
പദ്ധതി-പദ്ധതിയിതരവിഹിതം

1141 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലെ ബഡ്ജറ്റിൽ സാങ്കേതികവിദ്യാഭ്യാസ വകുപ്പിന് ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി -പദ്ധതിയിതര തുക എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ ഇനത്തിലും ഇതിനകം ചെലവഴിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ;

(സി) 2012-13 സാമ്പത്തികവർഷത്തിൽ സാങ്കേതികവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃതപദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനും വകയിരുത്തിയ തുകയും, ഇതുവരെ ചെലവായ തുകയും എത്രയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ക്ലാസ് ബി എൻജിനീയറിംഗ് കോളേജുകളിൽ യൂണിഫൈഡ് റൂൾസ്</u>

1142

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 2000-ത്തിന് ശേഷം നടന്ന സ്പെഷ്യൽ റൂൾ ഭേദഗതികൾ എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണോ നടത്തിയിട്ടുളളത്; വിശദമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ക്ലാസ് ബി എൻജിനീയറിംഗ് കോളേജുകളിൽ യൂണിഫൈഡ് റൂൾസ് നടപ്പിലാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ മേഖലയില്‍ ജോലിചെയ്യുന്ന അദ്ധ്യാപകര്‍ക്ക്
ലഭിക്കേണ്ട ആനുകൂല്യങ്ങള്‍</u>

1143 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പില്‍ പോളിസ്ട്രീം വിഭാഗത്തില്‍പ്പെട്ട വര്‍ക്ക്ഷോപ്പ് സൂപ്രണ്ട് (എഞ്ചിനീയറിംഗ് കോളേജ്) ഫസ്റ്റ് ഗ്രേഡ് ഇന്‍സ്ട്രക്ടര്‍, ഇന്‍സ്ട്രക്ടര്‍ ഗ്രേഡ്-II വര്‍ക്ക്ഷോപ്പ് ഇന്‍സ്ട്രക്ടര്‍ എന്നീ വിഭാഗങ്ങള്‍ക്ക് എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങള്‍ അനുസരിച്ചും യൂണിവേഴ്സിറ്റി നിയമങ്ങള്‍ക്ക് വിധേയമായും ശമ്പളം, പ്രൊമോഷന്‍, മറ്റ് ആനുകൂല്യങ്ങള്‍ എന്നിവ ലഭിക്കാന്‍ അര്‍ഹതയുണ്ടോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യല്‍ റൂള്‍സിലൂടെ സര്‍ക്കാര്‍ മേഖലയില്‍ ജോലി ചെയ്യുന്ന അദ്ധ്യാപകര്‍ക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങള്‍ നിഷേധിക്കുകയും എയ്ഡഡ് എന്‍ജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകര്‍ക്ക് നല്‍കുകയും ചെയ്യുന്ന സാഹചര്യമുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ.

(സി) ഈ അപാകതകള്‍ പരിഹരിക്കപ്പെടുന്നതിന് ഹയര്‍ സെക്കന്ററി എഡ്യൂക്കേഷന്‍ പ്രിന്‍സിപ്പല്‍ സെക്രട്ടറി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടര്‍ക്ക് നിര്‍ദ്ദേശം നല്‍കിയിരുന്നുവോ; ആയതില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ്</u>
<u>ഡയറക്ടർമാരെ സംബന്ധിച്ച വിശദാംശം</u>

1144 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി.ഒ(പി)നം.389/2010/എച്ച്.ഇഡിഎൻ. തീയതി. 7.01.10 അനുസരിച്ച് സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം എ.ഐ.സി.റ്റി പ്രകാരം പരിഷ്കരിച്ച് നടപ്പാക്കിയതിൽ പാർട്ട് III പ്രകാരം സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ പോളിടെക്നിക് സ്ട്രീമിൽ ഉൾപ്പെട്ട നാല് ജോയിന്റ് ഡയറക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നാലുപേരുടെയും വിദ്യാഭ്യാസ യോഗ്യതയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജോയിന്റ് ഡയറക്ടർമാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് മേൽ സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം 80% സാമ്പത്തിക സഹായം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ പോളിടെക്നിക്കുകൾ</u>

1145 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര പോളിടെക്നിക്കുകൾ ഉണ്ട്;

(സി) ജില്ലയിലെ വിദ്യാർത്ഥി അനുപാതത്തെ അടിസ്ഥാനമാക്കി പോളിടെക്നിക്കുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് കോളേജുകൾ</u>

1146 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) സർക്കാർ മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) അൺഎയ്ഡഡ് മേഖലയിൽ പോളിടെക്നിക്കുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല</u>

1147 ശ്രീ. കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം തരം കോളേജുകളാണ് പ്രസ്തുത സർവ്വകലാശാലയുടെ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ഇ) സർവ്വകലാശാല സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർവ്വകലാശാലകളിലെ നിയമന നിരോധനം</u>

1148 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് മേൽ സർക്കാർ എന്തെല്ലാം സാമ്പത്തിക അച്ചടക്കം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ പ്രമോഷനും, താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥരുടെ നിയമനവും തടഞ്ഞുവയ്ക്കുവാനും ചില സർവ്വീസുകൾ '' ഔട്ട് സോഴ്സ്'' ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി 2012-13 ൽ കേന്ദ്രം അനുവദിച്ച തുക എത്ര; ആയതിൽ എന്ത് തുക ഓരോ സർവ്വകലാശാലയും ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സർവ്വകലാശാലകളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; എത്ര നിയമനങ്ങൾ നടത്തി; സർവ്വകലാശാലകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) തൊഴിൽ രഹിതർ കൂടുതലുള്ളതും , വിദ്യാഭ്യാസപരമായി വളരെയധികം ഉയർന്ന നിലവാരമുള്ള ഉദ്യോഗാർത്ഥികളുമുള്ള സംസ്ഥാനത്ത് സർവ്വകലാശാലകളിൽ ഇപ്രകാരമുള്ള പുതിയ തസ്തിക സൃഷ്ടിക്കാതെയും, നിയമന നിരോധനം അടിച്ചേൽപ്പിക്കുന്നതും ശരിയാണെന്ന് കരുതുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>മലയാള സർവ്വകലാശാല</u>

1149

ശ്രീ. കെ. അച്ചുതൻ
,, എം. പി. വിൻസന്റ്
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാള സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭാഷയുടെയും സംസ്കാരത്തിന്റെയും സൂക്ഷ്മതലങ്ങൾ വിശദമായി പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സർവ്വകലാശാല കോഴ്സുകളിൽ പ്രത്യേക ഊന്നൽ നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം സർവ്വകലാശാലാ പ്രവർത്തനത്തിന് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ഡി) സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്;

(ഇ) യു. ജി. സി. ധനസഹായം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനം</u>

1150 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ നമ്പറുകൾ ലഭ്യമാക്കുമോ;

(ബി) കേസ്സുകളുടെ കാര്യത്തിൽ സർക്കാരും, യൂണിവേഴ്സിറ്റിയും അഫിഡവിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അഫിഡവിറ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ഇക്വലൻസി സർട്ടിഫിക്കറ്റ്</u>

1151 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 മാർച്ച് മാസം കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഇക്വലൻസി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടു കൊണ്ട് കൊല്ലം, പവിത്രേശ്വരം, അഞ്ജനം വീട്ടിൽ ശ്രീ. ജി. ഓമനശീലൻ അപേക്ഷ നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകിയിട്ടു ണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ ഏതെങ്കിലും ബോർഡ് ഓഫ് സ്റ്റഡീസിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ എന്നും പ്രസ്തുത ബോർഡിന്റെ തീരുമാനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഡി) അപേക്ഷകന് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

ഇലക്ട്രോണിക് സിറ്റി

1152 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല കേന്ദ്രീകരിച്ച് ഒരു ഇലക്ട്രോണിക് സിറ്റി സ്ഥാപിക്കാൻ വിദ്യാഭ്യാസ വകുപ്പും വ്യവസായ വകുപ്പും സർവ്വകലാശാലയും സംയുക്തമായി ധാരണയിൽ എത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് എത്ര മാത്രം സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥലം എൻ.സി.സിയ്ക്ക് കൈമാറിയ നടപടി</u>

1153 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥലം എൻ.സി.സിയ്ക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പാട്ടവും കാലാവധിയുടെയും വിശദാംശം അറിയിക്കുമോ;

(സി) ആയതിന് സർക്കാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ബഹു. കേരള ഗവർണർക്ക് എൻ.സി.സി യ്ക്കു വേണ്ടി കരാറിൽ ഏർപ്പെടുവാൻ സർക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) എൻ.സി.സി യ്ക്ക് ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലോ അതിനു കീഴിലുള്ള കോളേജുകളിലോ പാഠ്യപദ്ധതിയുടെയോ മറ്റോ ഭാഗമായി യൂണിറ്റുകൾ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എവിടെയൊക്കെ; ഇല്ലെങ്കിൽ എന്നു മുതൽക്കാണ് കോളേജുകളിൽ നിന്ന് എൻ.സി.സി യൂണിറ്റുകൾ ഒഴിവാക്കപ്പെട്ടത്; വ്യക്തമാക്കുമോ;

(ജി) എൻ.സി.സിയ്ക്കു നൽകിയിരിക്കുന്ന സ്ഥലത്തിന് മര്യാദപാട്ടം നിശ്ചയിക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) തുച്ഛമായ പാട്ടത്തിന് നൽകിയിരിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മലപ്പുറത്ത് ഇംഗ്ലീഷ് ഫോറിൻ ലാംഗേജ് യൂണിവേഴ്സിറ്റി</u>

1154

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് ഇംഗ്ലീഷ് ഫോറിൻ ലാംഗേജ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതുവരെ പൂർത്തിയായ നടപടികൾ വ്യക്തമാക്കുമോ;

(സി) ശേഷിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽകോളേജ് വിദ്യാർത്ഥികൾക്ക്</u>
<u>സ്കോളർഷിപ്പും സ്റ്റൈപ്പന്റും</u>

1155 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന സ്കോളർഷിപ്പുകളുടെയും സ്റ്റെപ്പെന്റുകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വാശ്രയ കോളേജുകളിൽ മെറിറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നപോലെ സ്റ്റൈപ്പെന്റും സ്കോളർഷിപ്പും നൽകാൻ നടപടി സ്വീകരിക്കുമോ?